3. മൃഗ സംരക്ഷണവകുപ്പ്
4. ക്ഷീരവ്യവസായ വികസന വകുപ്പ്
5. മൽസ്യ ബന്ധന വകുപ്പ്
6. വനസംരക്ഷണവകുപ്പ്
7. സാമൂഹ്യവികസന വകുപ്പ്
8. സഹകരണ വകുപ്പ്
9. കേരള സംസ്ഥാന വിദ്യുച്ഛക്തി വകുപ്പ്
10. വ്യവസായ വാണിജ്യ വകുപ്പ്
11. പൊതു വിദ്യാഭ്യാസ വകുപ്പ്
12. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
13. ആരോഗ്യ വകുപ്പ്
14. ആയുർവ്വേദ വകുപ്പ്
15. പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് വകുപ്പ്
16. ഭവന നിർമ്മാണ വകുപ്പ്
17. പബ്ലിക് റിലേഷൻസ് വകുപ്പ്
18. സാമൂഹ്യക്ഷേമവകുപ്പ്
19. പൊതു മരാമത്ത് (പ്രൊജക്ട്സ്) വകുപ്പ്
20. പൊതു മരാമത്ത് (നിരത്തും കെട്ടിടനിർമ്മാണം) വകുപ്പ്
21. ഭൂദശീയ തൊഴിൽ സേവന വകുപ്പ്
22. വ്യവസായ പരിശീലന വകുപ്പ്

ബാലവാടി അദ്ധ്യാപികമാർ

*271 [287] ശ്രീ. ലോനപ്പൻ നമ്പാടൻ:

ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സാമൂഹ്യ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര ബാലവാടി അദ്ധ്യാപികമാർ ഉണ്ട്; എത്ര പഞ്ചായത്തുകളിൽ ബാലവാടി നടത്തി വരുന്നുണ്ട്;

(ബി) ഇന്നവർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(സി) ബാലവാടി ടീച്ചേഴ്സ് അസോസിയേഷൻ അവരുടെ അവശതകൾ പരിഹരിക്കുന്നതിനായി നിവേദനങ്ങൾ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിൽ ഏതെല്ലാം കാര്യങ്ങളാണ് ഗവൺമെന്റ് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഇ) ബാലവാടി ടീച്ചർമാരുടെ പ്രതിമാസ വേതനം 25 രൂ. എന്നത് വർദ്ധിപ്പിച്ച് അവർക്ക് പുതുക്കിയ വേതനം നൽകുവാൻ വല്ല പരിപാടിയും ഗവൺമെന്റിനു ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പ് മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) 1201 (ആയിരത്തി ഇരുനൂറിയൊന്ന്) എണ്ണം. എത്ര പഞ്ചായത്തുകളിൽ ബാലവാടി നടത്തിവരുന്നു എന്നുള്ള വിവരം ശേഖരിച്ചു വരികയാണ്.

(ബി) അദ്ധ്യാപികമാരുടെ നിയമനവും വേതനവും നൽകുന്നതും ബാലവാടി നടത്തുന്ന മഹിളാ സമാജങ്ങളുടെ ചുമതലയാണ്. ഗവൺമെൻറിൽനിന്ന് ആണ്ടുതോറും ബാലവാടി നടത്തിപ്പിനു നൽകുന്ന മുന്നൂറ് രൂപ ഗ്രാൻറ് മഹിളാ സമാജങ്ങളും അദ്ധ്യാപികമാരുടെ വേതനം നൽകുന്നതിനായി വിനിയോഗിക്കുന്നു.

(സി) ഉണ്ട്.

(ഡി) നിവേദനത്തിൻമേൽ ഗവൺമെൻറ് അവസാനതീരുമാനം ഇതുവരെയും എടുത്തിട്ടില്ല.

(ഇ) പ്രതിമാസ വേതനം 25രൂ. എന്നത് വർദ്ധിപ്പിച്ചു കിട്ടുന്നതിനു വേണ്ടിയുള്ള കാര്യങ്ങളും ഉടനെയുള്ള നിവേദനത്തിൻമേൽ ഗവൺമെൻറ് അവസാന തീരുമാനം ഇതുവരെയും എടുത്തിട്ടില്ല.

കെ. എസ്. ആർ. ടി. സി. യിലെ അംഗീകൃത യൂണിയനുകൾ

*272 [288] ശ്രീ. പി. സീതി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ എത്ര അംഗീകൃത യൂണിയനുകൾ ഉണ്ട്;

(ബി) 1978-ൽ ഏതെല്ലാം യൂണിയന് അംഗീകാരം നൽകി?

ഗതാഗതവകുപ്പ് മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) കെ. എസ്. ആർ. ടി. സി. യിൽ ഇപ്പോൾ പതിനൊന്നു അംഗീകൃത യൂണിയനുകൾ ഉണ്ട്.

(ബി) 1978-ൽ താഴെ പറയുന്ന അഞ്ചു യൂണിയനുകൾക്ക് അംഗീകാരം നൽകി.

1. കെ. എസ്. ആർ. ടി. സി: ലേബർ യൂണിയൻ
2. കെ. എസ്. ആർ. ടി.സി. വർക്കേഴ്സ് ഫെഡറേഷൻ.
3. കെ. എസ്. ആർ. ടി. സി. സി. എസ്. ഐ. ഫെഡറേഷൻ.
4. കെ. എസ്. ആർ. സെക്യൂരിറ്റി സ്റ്റാഫ് അസോസിയേഷൻ.
5. കെ. എസ്. ആർ. ടി. സി. സ്കിൽഡ് വർക്കേഴ്സ് യൂണിയൻ.

LIBRARY ARCHIVES Kerala Legislative Assembly